ഉത്തരം

(എ) 1985-86 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് 58 സ്ക്കൂളുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ഗവൺമെൻറ് സ്ക്കൂളുകൾ—17
സ്വകാര്യ സ്ക്കൂളുകൾ—41
എയിഡഡ് സ്ക്കൂൾ—4
അൺ എയിഡഡ് സ്ക്കൂൾ—37

മലയാളഭാഷാ യൂണിവേഴ്സിറ്റി

962. [1406] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയാളഭാഷയ്ക്കായി ഒരു മലയാളഭാഷായൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഒരു മലയാളഭാഷാ സർവ്വകലാശാല ആരംഭിക്കണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെൻറ് തീരുമാനം ഒന്നും എടുത്തിട്ടില്ല.

തൃശ്ശൂർ ലാ കോളേജ്

963. [1407] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ലാ കോളേജ് 1985-86 അദ്ധ്യയന വർഷത്തിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടും തുടങ്ങാത്തത് എന്തുകൊണ്ടാണ് ;

(ബി) ഈ കോളേജ് എന്നത്തേക്ക് തുടങ്ങുമെന്ന് പറയാമോ ?

ഉത്തരം

(എ, ബി) 1985-86-ൽ പുതിയ കോളേജുകൾ ഒന്നും തുടങ്ങേണ്ട എന്നായിരുന്നു ഗവൺമെൻറ് തീരുമാനം. ഇക്കൊല്ലം പുതിയ കോളേജുകൾ തുടങ്ങണമോ എന്ന കാര്യത്തെപ്പറ്റി തീരുമാനമായിട്ടില്ല.

സർക്കസ് കലാകാരൻമാർക്കുള്ള പെൻഷൻ

964. [1408] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് പുതുതായി സർക്കസ് കലാകാരൻമാർക്കുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1985-86 സാമ്പത്തിക വർഷത്തിൽ പുതുതായി 103 അവശ സർക്കസ് കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങൾ

965. [1409] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :

,, എ. വി. അബ്ദുൽ റഹിമാൻ ഹാജി :

,, പി. കെ. കെ. ബാവ :

,, പി. എം. അബൂബക്കർ :

,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ അധികാരപരിധിയിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ ഉണ്ട് ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളെത്ര ?

ഉത്തരം

(എ) 7,979 പ്രാഥമിക സഹകരണ സംഘങ്ങൾ ഉണ്ട് (30-6-1986-ലെ കണക്ക് പ്രകാരം).

(ബി) 7557 എണ്ണം.

(സി) 815 എണ്ണം (25-5-1982 മുതൽ 30-9-1986 വരെ)

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

966 [1412] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ ഓരോ സഹകരണ സംഘത്തിനും ആകെ എത്ര തുക ഗവൺമെന്റ് ഗ്രാന്റായും ലോണായും കൊടുത്തിട്ടുണ്ട് ;

(സി) ഹരിജൻ സഹകരണ സംഘങ്ങളുടെ പേരും ഓരോ സഹകരണ സംഘത്തിനും കൊടുത്ത ലോണും ഗ്രാന്റും പ്രത്യേകം ജില്ല തിരിച്ചു വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തമാക്കാം. ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

	പട്ടികജാതി സഹകരണ സംഘം	പട്ടികവർഗ്ഗ സഹകരണ സംഘം
തിരുവനന്തപുരം	104	14
കൊല്ലം	67	5

LIBRARY ARCHIVES Kerala Legislative Assembly